**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2039** **02-02-2024 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പദ്ധതിയുടെ നടത്തിപ്പിലേക്ക് നിയോഗിച്ച റവന്യൂ ഉദ്യോഗസ്ഥർക്കുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കെ-റെയിൽ പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് നിലവിൽ ശമ്പളം ലഭിക്കുന്നില്ല എന്ന വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കെറെയിൽ പദ്ധതിയ്ക്കായി തുടങ്ങിയിട്ടുള്ള 12 സ്പെഷ്യൽ എൽ.എ യൂണിറ്റിലെ (11 സ്പെഷ്യൽ തഹസിൽദാർ യൂണിറ്റും 1 ഡെപ്യൂട്ടി കളക്ടറുടെ ഓഫീസും) 205 ഉദ്യോഗസ്ഥരെ കെ-റെയിൽ പദ്ധതിയുടെ അന്തിമ അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ മറ്റ് പ്രധാന പദ്ധതികൾക്ക് വേണ്ടി പുനർവിന്യസിച്ചിട്ടുള്ളതും ആയതിന്റെ തുടർച്ചാനുമതി 17,08.2023 ൽ അവസാനിച്ചിട്ടുള്ളതുമാണ്. 18.08.2023 മുതൽ തുടർച്ചാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ സിൽവർ ലൈൻ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള എല്ലാ തസ്തികകളും വീണ്ടും തുടർച്ചാനുമതി നൽകണമെന്ന ശുപാർശ അംഗീകരിക്കുവാൻ നിർവ്വാഹം ഇല്ലെന്നാണ് കാണിച്ച് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇപ്രകാരം താല്ക്കാലികമായി പുനർവിന്യസിച്ചിട്ടുള്ള ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ സേവനം അനിവാര്യമായതിനാൽ വീണ്ടും ധനകാര്യ വകുപ്പിനെ ബോധ്യപ്പെടുത്തി തുടർച്ചാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി മരവിച്ചിരിക്കുന്നതിനാൽ മേല്പറഞ്ഞ 205 ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കാത്ത പ്രതിസന്ധി ഒഴിവാക്കുന്നതിനും ജീവനക്കാരുടെ പുനർവിന്യാസത്തിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. കെറെയിൽ പദ്ധതിയ്ക്കായി തുടങ്ങിയിട്ടുള്ള 12 സ്പെഷ്യൽ എൽ.എ യൂണിറ്റിലെ (11 സ്പെഷ്യൽ തഹസിൽദാർ യൂണിറ്റും 1 ഡെപ്യൂട്ടി കളക്ടറുടെ ഓഫീസും) 205 ഉദ്യോഗസ്ഥരെ കെ-റെയിൽ പദ്ധതിയുടെ അന്തിമ അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ മറ്റ് പ്രധാന പദ്ധതികൾക്ക് വേണ്ടി പുനർവിന്യസിച്ചിട്ടുള്ളതും ആയതിന്റെ തുടർച്ചാനുമതി 17.08.2023 ൽ അവസാനിച്ചിട്ടുള്ളതുമാണ്. 18.08.2023 മുതൽ തുടർച്ചാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ സിൽവർ ലൈൻ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള എല്ലാ തസ്തികകളും വീണ്ടും തുടർച്ചാനുമതി നൽകണമെന്ന ശുപാർശ അംഗീകരിക്കുവാൻ നിർവ്വാഹം ഇല്ലെന്നാണ് കാണിച്ച് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇപ്രകാരം താല്ക്കാലികമായി പുനർവിന്യസിച്ചിട്ടുള്ള ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ സേവനം അനിവാര്യമായതിനാൽ വീണ്ടും ധനകാര്യ വകുപ്പിനെ ബോധ്യപ്പെടുത്തി തുടർച്ചാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ